5
വെള്ളി
2018 ഒക്ടോബർ
1194 കന്നി 19

മക്തബ്

www.makthabdaily.com

സംസ്ഥാനത്ത് അതീവജാഗ്രത; അണക്കെട്ടുകൾ തുറക്കുന്നു

പത്തനംതിട്ട: സംസ്ഥാനത്ത് കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ജാഗ്രത ശക്തമാക്കി. സംസ്ഥാനത്തെ നാല് അണക്കെട്ടുകൾ തുറന്നു. തെൻമല, കാക്കി ആനത്തോട്, കക്കയം, മൂഴിയാർ അണക്കെട്ടുകളുടെ ഷട്ടറുകളാണ് ഭാഗീകമായി ഉച്ചയോടെ തുറന്നത്.

തളിപ്പറമ്പ പുസ്തകം 11 ലക്കം 293 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

ഉദ്ഘാടനം ഡിസംബർ 9ന്

കണ്ണൂർ: ആകാശ സ്വപ്നങ്ങളുടെ അനന്തസാധ്യതകളുടെ വാതായനം ഡിസംബർ ഒമ്പതിന് തുറക്കും. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഔപചാരിക ഉദ്ഘാടനം ഒമ്പതിന് നടത്താൻ ഇന്ന് രാവിലെയാണ് തീരുമാനമായത്. ഇന്നലെയായിരുന്നു വിമാനത്താവളത്തിനുള്ള ഏറോഡ്രാം ലൈസൻസ് ഡി.ജി.സി.എ അനുവദിച്ചത്. 3050 മീറ്റർ റൺവേയാണ് ഇപ്പോഴുള്ളതെങ്കിലും ഇത് നാലായിരം മീറ്ററാക്കി ഉയർത്താനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്. 2300 ഏക്കറിലാണ് അത്യാധുനിക സൗകര്യങ്ങളോടെ വിമാനത്താവളം സജ്ജീകരിച്ചിട്ടുള്ളത്. യാത്രക്കാർക്കുള്ള ടെർമിനൽ ബിൽഡിങ്ങിന്റെ വിസ്തീർണം 97,000 ചതുരശ്ര മീറ്ററാണ്. 1.05 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ അന്താരാഷ്ട്ര കാർഗോ കോംപ്ലക്സ് നിർമ്മാണം പൂർത്തിയായിവരികയാണ്. മികച്ച നിലവാരത്തിലുള്ള ഹോട്ടൽ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

24 ചെക്ക് ഇൻ കൗണ്ടറുകളും സെൽഫ് ബാഗേജ് ഡ്രോപ്പ് കൗണ്ടറുകളും സെൽഫ് ചെക്കിംഗ് മെഷീനുകളും ഒരുങ്ങിക്കഴിഞ്ഞു. വന്നുപോകുന്നവർക്കായി 32 ഇമിഗ്രേഷൻ കൗണ്ടറുകളുണ്ടാകും. 16 കസ്റ്റംസ് കൗണ്ടറുകളും നല് ഇ-വിസ കൗണ്ടറുകളുമുണ്ടാകും. ആറ് എയ്റോബ്രിഡ്ജുകൾ പൂർത്തിയായിട്ടുണ്ട്. ബോയിങ്ങ് 777 പോലുള്ള വലിയ വിമാനങ്ങൾ ഇറങ്ങാനുള്ള എല്ലാ സൗകര്യവും തയ്യാറായി. 20 വിമാനങ്ങൾക്ക് ഒരേ സമയം പാർക്ക് ചെയ്യാനാകും. 700 കാറുകളും 200 ടാക്സികളും 25 ബസുകളും ഒരേസമയം പാർക്ക് ചെയ്യാൻ വിശാലമായ പാർക്കിംഗ് ഏരിയയിൽ സൗകര്യമുണ്ട്. ഇനി ആഭ്യന്തര-അന്താരാഷ്ട്ര വിമാന കമ്പനികൾക്ക് യാത്രാ ഷെഡ്യൂൾ നൽകുന്നതോടെ കണ്ണൂരിന്റെ മണ്ണിൽ നിന്ന് സ്ഥിര സംവിധാനങ്ങളോടെ ആകാശയാത്ര യാഥാർത്ഥ്യമാകും. ഇന്ന് മുതൽ 12 വരെ പൊതുജനങ്ങൾക്ക് വിമാനത്താവളം സന്ദർശിക്കാൻ അവസരമുണ്ട്. ആദ്യ ദിവസമായ ഇന്ന് നൂറുകണക്കിനാളുകളാണ് സന്ദർശനത്തിനെത്തിയതെന്ന് 'കിയാൽ' അധികൃതർ വ്യക്തമാക്കി.

മാർജിൻഫ്രീ മാർക്കറ്റ് കത്തിനശിച്ചു

മാഹി: മാഹി പാലത്തിനടുത്ത മാർജിൻഫ്രീ മാർക്കറ്റ് ഇന്ന് പുലർച്ചെ കത്തിനശിച്ചു. പുലർച്ചെ 3.20ഓടെയാണ് പുക പടരുന്നത് പോലീസ് ഔട്ട് പോസ്റ്റിലുണ്ടായിരുന്ന പോലീസുകാരന്റെ ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് മാഹി ഫയർഫോഴ്സിനെ വിവരമറിയിക്കുകയായിരുന്നു. ഫയർഫോഴ്സെത്തി വൈദ്യുതി കണക്ഷൻ വിഛേദിച്ച്, പൂട്ട് പൊളിച്ച് അകത്ത് കയറിയാണ് തീയണച്ചത്. ഇൻവെർട്ടറിൽ നിന്നാണ് വൈദ്യുതി ഷോർട്ട് സർക്യൂട്ട് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം. ലക്ഷങ്ങളുടെ നഷ്ടമുണ്ടായി. വ്യക്തമായ നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല. ലീഡിങ്ങ് ഫയർമേൻ രഞ്ചിത്ത് ലാലിന്റെ നേതൃത്വത്തിൽ രാജശേഖരൻ, വിനോദ്, മദൻലാൽ എന്നിവരുൾപ്പെട്ട സേനാംഗങ്ങളാണ് തീയണച്ചത്.

കച്ചവട സ്ഥാപനത്തിന്റെ മറവിൽ ലഹരി വിൽപ്പന; യുവാവ് പിടിയിൽ

പേരാവൂർ: പലചരക്കുകടയിൽ വിദ്യാർത്ഥികൾക്കുൾപ്പെടെ ലഹരി ഉൽപന്നങ്ങൾ വിൽപ്പന നടത്തിയ യുവാവിനെ എക്സൈസ് പിടികൂടി. അമ്പായത്തോടിലെ തായംചേരിയിൽ ടി. എം.സലീമിനെയാണ് (38) പേരാവൂർ എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തത്. ഇയാളുടെ പക്കൽ നിന്ന് 600 പൗച്ച് ഹാൻസ് പിടിച്ചെടുത്തു. ടി.എം.സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ മറവിലായിരുന്നു ഇയാൾ പുകയില ഉൽപ്പന്നങ്ങൾ കച്ചവടം ചെയ്തത്. കർണ്ണാടകയിൽ നിന്ന് പച്ചക്കറി വണ്ടികളിലാണ് പുകയില ഉൽപന്നങ്ങൾ ഇയാൾ എത്തിച്ചിരുന്നത്. കടയിലും തൊട്ടടുത്ത വീടിനോട് ചേർന്ന തൊഴുത്തിനു പിന്നിലുമാണ് ഇവ സൂക്ഷിച്ചുവെച്ചിരുന്നത്. എക്സൈസ് ഇൻസ്പെക്ടർ എ.കെ.വിജേഷിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

ലഹരി വസ്തുക്കൾ പിടികൂടി

കണ്ണാടിപ്പറമ്പ: കാട്ടാമ്പള്ളി സ്റ്റെപ്പ് റോഡരികിൽ നിരോധിത പുകയില ഉൽപന്നങ്ങൾ സഹിതം കാൽനടയാത്രികനെ പോലീസ് പിടികൂടി. കാട്ടാമ്പള്ളി കുതിരത്തടം മുക്രിക്കടവത്ത് വളപ്പിൽ എം. കെ.സമീറിനെയാണ് (39) അറസ്റ്റ് ചെയ്തത്. എസ്.ഐ എൻ.പി. രാഘവൻ, അഡി. എസ്.ഐ ടി.പി. മുരളി, ജനമൈത്രി ബീറ്റ് ഓഫീസർമാരായ കെ.രാജേഷ്, ലക്ഷ്മണൻ, പ്രദീപൻ, സതീശൻ, ഷിജു എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.

മാവോയിസ്റ്റ് നേതാവ് ഡാനിഷ് അറസ്റ്റിൽ

പാലക്കാട്: തമിഴ്നാട് സർക്കാർ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച മാവോയിസ്റ്റ് നേതാവ് ഡാനിഷ് (ഡെന്നിസൺ)പിടിയിലായി. അട്ടപ്പാടി എ.എസ്.പി സുജിത്ത് ദാസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ തിരച്ചലിലാണ് അട്ടപ്പാടിയിൽ ഇയാൾ പിടിയിലായത്. കോയമ്പത്തൂർ സ്വദേശിയാണ്.

ശബരിമല: അഞ്ഞൂറ് വനിതാ പോലീസുകാർക്ക് പരിശീലനമെന്ന് ഡി.ജി.പി

തിരുവനന്തപുരം: തുലാമാസ പൂജകൾക്കായി നട തുറക്കുമ്പോൾ ശബരിമലയിൽ വനിതാ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കുമെന്ന കാര്യത്തിൽ ഡി.ജി.പി ലോക്നാഥ് ബെഹ്റ ഉറച്ചു തന്നെ. സംസ്ഥാന പോലീസ് സേനയിലെ അഞ്ഞൂറ് വനിതകൾക്ക് ശബരിമല ഡ്യൂട്ടി സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകുമെന്ന് ഡി.ജി.പി പറഞ്ഞു. സേനയിൽ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. ഡ്യൂട്ടിക്ക് പോകാൻ താൽപര്യമുള്ള വനിതാ പോലീസുകാർക്ക് മുൻഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ചെങ്ങളായി ചേരൻകുന്നിൽ അപകടത്തിൽപ്പെട്ട കാർ

ചേരൻകുന്നിൽ കാറിടിച്ച് വൈദ്യുതി തൂൺ തകർന്നു

ശ്രീകണ്ഠപുരം: സംസ്ഥാനപാതയിൽ ചെങ്ങളായി ചേരൻകുന്ന് വളവിൽ വാഹനാപകടം. വൻ ദുരന്തം ഒഴിവായി. പരിയാരം ഭാഗത്ത് നിന്നും വയനാട്ടിലേക്ക് പോകുന്നവർ സഞ്ചരിച്ച കെ.എൽ. 12 ജെ 5901 കാറാണ് ഇന്ന് രാവിലെ അപകടത്തിൽപ്പെട്ടത്. കാറിടിച്ച് വൈദ്യുതി തൂണും ലൈനും നിലംപതിച്ചു. കാറിന്റെ മുകൾഭാഗം പൂർണ്ണമായും തകർന്നു. നിരവധി വാഹനങ്ങൾ കടന്നുപോകുന്നതിനിടെ വൈദ്യുതി തൂണുലൈനും നിലംപതിച്ചത് ഏറെ പരിഭ്രാന്തി സൃഷ്ടിച്ചു. തക്ക സമയത്ത് കെ.എസ്.ഇ.ബി അധികൃതർ സ്ഥലത്തെത്തി ലൈൻ ഓഫാക്കിയതിനാൽ ദുരന്തം ഒഴിഞ്ഞുമാറി. കാൽനടയാത്രികർക്ക് നിസാര പരിക്കേറ്റു.

ഏഴ് ലിറ്റർ ചാരായവുമായി വാറ്റുസംഘത്തലവൻ അറസ്റ്റിൽ

ശ്രീകണ്ഠപുരം: വൻതോതിൽ ചാരായം വാറ്റി മലയോര മേഖലയിൽ വിൽപ്പന നടത്തുന്ന മധ്യവയസ്ക്കൻ അറസ്റ്റിൽ. ചെമ്പന്തൊട്ടി കൊക്കായിലെ പന്നകത്തിൽ ആന്റണിയെയാണ് (50) ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ പി.പി. ജനാർദനൻ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം ചെമ്പന്തൊട്ടി, കൊക്കായി, ഓടക്കുണ്ട് ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ കൊക്കായി - ഓടക്കുണ്ട് റോഡിൽ വച്ചാണ് ഏഴ് ലിറ്റർ വാറ്റുചാരായവുമായി ആന്റണി പിടിയിലായത്. ചാരായം കന്നാസുകളിൽ നിറച്ച് വിൽപ്പനക്കാരായ ഏജന്റുമാർക്ക് നൽകാൻ പോവുകയായിരുന്നു ഇയാൾ. ഏറെക്കാലമായി പ്രദേശത്ത് ചാരായ നിർമ്മാണ വിൽപ്പന നടത്തുന്ന സംഘത്തിൽ തലവനാണ് ആന്റണിയെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. പ്രിവന്റീവ് ഓഫീസർമാരായ പി.ആർ. സജീവ്, പി.സി. വാസുദേവൻ, സി.ഇ.ഒമാരായ പി.വി. പ്രകാശൻ, പി. ഷിബു, ഉല്ലാസ് ജോസ്, വനിതാ സി.ഇ.ഒ പി. രമ്യ, ഡ്രൈവർ കേശവൻ എന്നിവരും പ്രതിയെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

പ്രശ്നങ്ങൾ രൂക്ഷം; കുറ്റ്യേരിയിൽ സി.പി.എം ബ്രാഞ്ച് സെക്രട്ടറിമാർ രാജിക്കൊരുങ്ങി

തളിപ്പറമ്പ: സി.പി.എം കുറ്റ്യേരി ലോക്കലിലെ ആഭ്യന്തര പ്രശ്നങ്ങൾ രൂക്ഷമായി. പ്രശ്നങ്ങളെ തുടർന്ന് വിവിധ ബ്രാഞ്ചുകളിൽ പ്രവർത്തകർ ചേരിതിരിഞ്ഞ് വാക്കേറ്റവും ബഹളവും നടക്കുകയാണ്. ഇതിനിടയിൽ രണ്ട് ബ്രാഞ്ച് സെക്രട്ടറിമാർ രാജിവെക്കുന്നതായാണ് വിവരം. കാർക്കീൽ ബ്രാഞ്ച് സെക്രട്ടറി വത്സൻ, വട്ടക്കുൽ ബ്രാഞ്ച് സെക്രട്ടറി സുരേഷ് എന്നിവരാണ് രാജി സന്നദ്ധത ഏരിയ നേതൃത്വത്തെ അറിയിച്ചത്. പ്രശ്നങ്ങൾ പ്രാദേശിക നേതാക്കൾ ജില്ലാ സെക്രട്ടറി പി.ജയരാജന്റെ ശ്രദ്ധയിലുംപെടുത്തിയിട്ടുണ്ട്. കുറ്റ്യേരി ലോക്കലിലെ വിവിധ ബ്രാഞ്ചുകളും ലോക്കൽ കമ്മിറ്റിയംഗങ്ങളും രണ്ട് ചേരിയായി മാറിക്കഴിഞ്ഞു. പരസ്യമായാണ് പാർട്ടി കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. സോഷ്യൽ മീഡിയകളിൽ അടക്കം പ്രശ്നങ്ങൾ രൂക്ഷമായിരിക്കുകയാണ്. ലോക്കലിലെ രണ്ട് ഏരിയാ നേതാക്കളെ കേന്ദ്രീകരിച്ചാണ് രണ്ട് വിഭാഗങ്ങളായി തിരിഞ്ഞിരിക്കുന്നത്. ജില്ലയിലെ ഏറ്റവും സുശക്തമായ ലോക്കൽ കമ്മിറ്റികളിൽ ഒന്നാണ് കുറ്റ്യേരി ലോക്കൽ കമ്മിറ്റി. പറയത്തക്ക എതിർപ്പുകൾ ഇല്ലാത്ത പാർട്ടി ഗ്രാമത്തിൽ നടക്കുന്ന ചേരിതിരിവ് ശമിപ്പിക്കാൻ പാർട്ടി നേതൃത്വത്തിന് കഴിയാത്തതിൽ അണികളും പ്രതിഷേധത്തിലാണ്.

സ്ത്രീകളെ ശബരിമലയിൽ കൊണ്ടുപോകാനും വരാനും സി.പി.എം ഇടപെടില്ല

വിധി ചരിത്രപരം; നടപ്പിലാക്കാനുള്ള ബാധ്യത നാടിന്: കോടിയേരി

കണ്ണൂർ: സ്ത്രീയെ രണ്ടാംതരമാക്കുന്നതിന് അറുതിവരുത്തുന്ന വിധിയാണ് ശബരിമല വിഷയത്തിൽ സുപ്രീംകോടതിയിൽ നിന്ന് വന്നതെന്നും ചരിത്രപരമായ ഈ കോടതി വിധി നടപ്പിലാക്കാനുള്ള ബാധ്യത നാടിനുണ്ടെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വ്യക്തമാക്കി. ശബരിമല വിഷയത്തിൽ സി.പി.എമ്മിനെയും പിണറായി സർക്കാരിനെയും വിമർശിച്ച് ബി.ജെ.പിയും യു.ഡി.എഫും രംഗത്തുവരികയും ഭക്തജനങ്ങൾ പ്രക്ഷോഭം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പാർട്ടി നിലപാട് വിശദീകരിച്ച് ദേശാഭിമാനി പത്രത്തിൽ എഴുതിയ ലേഖനത്തിലാണ് കോടിയേരി ഈ കാര്യം വ്യക്തമാക്കിയത്. വിധി നടപ്പിലാക്കാനുള്ള ബാധ്യത നാടിനൊപ്പം സംസ്ഥാന സർക്കാരിനുമുണ്ട്. അത് ഭരണഘടനാ ബാധ്യതയാണ്. എന്നാൽ വിധി നടപ്പാക്കുന്നതിനെ തടസപ്പെടുത്താനുള്ള പ്രതിഷേധ പരിപാടികൾക്ക് ചില വിഭാഗങ്ങൾ രംഗത്ത് വന്നിരിക്കുകയാണ്. എൽ.ഡി.എഫ് സർക്കാരിനെതിരായ രാഷ്ട്രീയ നീക്കത്തിനുള്ള വകയായി സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധിയെ മാറ്റാനാകുമോ എന്ന ലാക്ക് ചില കേന്ദ്രങ്ങൾക്കുണ്ട്. ഭക്തജനങ്ങൾ എന്ന മറവിൽ ഒരു കൂട്ടം വിശ്വാസികളെ സമരത്തിലിറക്കാനുള്ള പുറപ്പാട് ആരംഭിച്ചിട്ടുണ്ട്. ഇതിന് യു.ഡി.എഫും ബി.ജെ.പിയും പിന്തുണയും നൽകുന്നുണ്ട്.

കോടതിവിധി എല്ലാവശങ്ങളും പഠിച്ചതിന് ശേഷമുണ്ടായതാണ്. സ്ത്രീ പ്രവേശന വിലക്ക് മതത്തിന്റെ യഥാർത്ഥ സത്തയ്ക്ക് എതിരാണെന്നും ആർത്തവവും ആരാധനാ സ്വാതന്ത്ര്യവും തമ്മിൽ ബന്ധമില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഈ വിധി സ്ത്രീ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നത് മാത്രമല്ല അനാചാര സമ്പ്രദായങ്ങളുടെ ശിരസ് ഉടയ്ക്കുന്നതുമാണ്.

കലക്കുവെള്ളത്തിൽ മീൻ പിടിച്ച് രാഷ്ട്രീയ നേട്ടം ഉണ്ടാക്കാനുള്ള സങ്കുചിത രാഷ്ട്രീയ കളിയിൽ സംസ്ഥാനത്തെ കോൺഗ്രസ്- ബി.ജെ.പി നേതൃത്വങ്ങൾ കൈകോർക്കുകയാണ്. വിധിയെ സോണിയ ഗാന്ധിയും ആർ.എസ്.എസ്. ദേശീയ നേതൃത്വവും അംഗീകരിച്ചതാണ്.

വിശ്വാസത്തെ അടിച്ചമർത്താനാണ് സി.പി.എം നീക്കമെങ്കിൽ വിശ്വാസികളോടൊപ്പം ബി.ജെ.പി നിലയുറപ്പിക്കുമെന്ന വെല്ലുവിളി ശ്രീധരൻപിള്ള നടത്തിയിട്ടുണ്ട്. ശബരിമലയിൽ പോയി പ്രാർത്ഥിക്കാൻ ഭക്തക്ക് പ്രായഭേദമന്യേ ലഭിച്ചിരിക്കുന്ന അവസരം ഇഷ്ടമുള്ള സ്ത്രീകൾക്ക് ഉപയോഗിക്കാം. താൽപ്പര്യമില്ലാത്തവർ അങ്ങോട്ട് പോകേണ്ട. ഇത്തരം കാര്യങ്ങളിൽ സ്ത്രീകളെ ശബരിമലയിൽ കൊണ്ടുപോകാനും വരാനും സി.പി.എം ഇടപെടില്ല. അയ്യപ്പ ഭക്തരായ പുരുഷൻമാരുടെ ആരാധനാ സ്വാതന്ത്ര്യത്തിലും സി.പി.എം ഇടപെടില്ല. ഇഷ്ടമുള്ളവർക്ക് പോകാം. ഇഷ്ടമില്ലാത്തവർ പോകേണ്ട എന്ന നിലപാടാണ് സി.പി.എം എടുത്തിട്ടുള്ളത്. ഇതെല്ലാം വിസ്മരിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന പ്രചരണങ്ങൾ തള്ളിക്കളയണമെന്ന ആഹ്വാനത്തോടെയാണ് ലേഖനം അവസാനിക്കുന്നത്.

കാരാട്ട് റസാഖ് എം.എൽ.എയുടെ സഹോദരൻ വാഹനാപകടത്തിൽ മരിച്ചു

അബ്ദുൾഗഫൂർ

കോഴിക്കോട്: താമരശേരി ചുങ്കം ജംഗ്ഷനിൽ ഇന്ന് പുലർച്ചെ കാറിൽ ലോറിയിടിച്ച് കാരാട്ട് റസാഖ് എം.എൽ.എയുടെ സഹോദരൻ മരിച്ചു. കൊടുവള്ളി കാരാട്ട് അപ്പക്കാട്ട് അബ്ദുൾഗഫൂർ ആണ് മരണമടഞ്ഞത്. ഗഫൂറിനൊപ്പം കാറിലുണ്ടായിരുന്ന കൊടുവള്ളി സ്വദേശികളായ റഫീഖ്, ഹാരിസ് എന്നിവരെ പരിക്കുകളോടെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചു. പുലർച്ചെ മൂന്നേകാലോടെയായിരുന്നു അപകടം. വയനാട്ടിൽ നിന്ന് വരികയായിരുന്ന ഇവർ സഞ്ചരിച്ച കാറിൽ എതിരേ വന്ന ലോറിയിടിക്കുകയായിരുന്നു. പാചക വാതക സിലിണ്ടറുമായി പോകുകയായിരുന്നു ലോറി. നാട്ടുകാരും യാത്രക്കാരും ചേർന്ന് ഇവരെ പുറത്തെടുക്കുമ്പോഴേക്കും ഗഫൂർ മരണപ്പെട്ടിരുന്നു. മൃതദേഹം കോഴിക്കോട് മെഡിക്കോളേജ് മോർച്ചറിയിലേക്ക് മാറ്റി.

കോടിയേരിയുടെ പേര് പറഞ്ഞും തട്ടിപ്പ്

ക്വട്ടേഷൻ സംഘത്തലവൻ കണ്ണൂരിൽ അറസ്റ്റിൽ

ഗോപിനാഥ്

കണ്ണൂർ: പണമിടപാട് വിഷയങ്ങളിൽ ക്വട്ടേഷൻ ചുമതല ഏറ്റെടുത്ത് ഗുണ്ടാ ആക്രമണത്തിന് നേതൃത്വം നൽകുന്നയാളെ വധശ്രമക്കേസിൽ ടൗൺ പോലീസ് അറസ്റ്റ് ചെയ്തു. കടമ്പൂർ ഹയർസെക്കണ്ടറി സ്കൂൾ പരിസരത്തെ മാണിക്കോത്ത് ഹൗസിൽ ഗോപിനാഥ് എന്ന ആചാര്യ ഗോപിനാഥിനെയാണ് (45) എസ്.ഐ ശ്രീജിത്ത് കൊടേരി അറസ്റ്റ് ചെയ്തത്. കണ്ണൂർ മാളിലെ ഇലക്ട്രീഷ്യനായ തുളിച്ചേരി സ്വദേശി റിജേഷിനെ(24) വധിക്കാൻ ശ്രമിച്ച കേസിലാണ് അറസ്റ്റ്. മിനിഞ്ഞാന്ന് വൈകിട്ടായിരുന്നു ഗോപിനാഥിന്റെ നേതൃത്വത്തിൽ ആറംഗസംഘം മാരകായുധങ്ങളുമായി മാളിൽ കടന്നെത്തി റിജേഷിനെ ആക്രമിച്ചത്.

മാളിന്റെ ഉടമയെ അന്വേഷിച്ചാണത്രെ ഇവരെത്തിയത്. ഉടമ സ്ഥലത്തില്ലെന്ന് മനസിലാക്കി റിജേഷിനെ ആക്രമിച്ച് രക്ഷപ്പെടുകയായിരുന്നു. മാളിനകത്ത് പ്രവർത്തിക്കുന്ന ഒരു ബ്യൂട്ടി പാർലറിന്റെ നടത്തിപ്പുകാരനും മാൾ ഉടമയും തമ്മിൽ വാടക കുടിശിക സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ട്. ബ്യൂട്ടി പാർലർ ഒഴിപ്പിക്കാനുള്ള നടപടികൾക്കിടെ പാർലർ ഉടമക്ക് വേണ്ടിയാണ് അക്രമി സംഘം മാളിലെത്തിയതത്രെ.

നഗരത്തിലെ പ്രമുഖ ഹോട്ടലിൽ മുറിയെടുത്ത് കണ്ണൂരിൽ സ്ഥിര താമസമാക്കിയ ക്വട്ടേഷൻ സംഘമാണ് ഗോപിനാഥിന്റേതെന്ന് പോലീസ് പറഞ്ഞു. വിവിധ ഇടപാടുകളുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാധ്യതയുള്ളവരെ ഭീഷണിപ്പെടുത്തി പണം തട്ടൽ പതിവാക്കിയ സംഘമാണത്രെ ഇത്. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ അടുത്തയാളാണെന്ന് പരിചയപ്പെടുത്തി ചിലരെ ഇയാൾ ഭീഷണിപ്പെടുത്തിയതായി നേരത്തെ ചിലർ കോടിയേരിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതേ തുടർന്ന് തന്റെ പേര് പറഞ്ഞ് തട്ടിപ്പ് നടത്തുന്നതാരാണെന്ന് കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് കോടിയേരി ബാലകൃഷ്ണൻ കണ്ണൂർ ഡി.വൈ.എസ്.പി സദാനന്ദനോട് നേരിട്ടാവശ്യപ്പെട്ട പശ്ചാത്തലത്തിൽ കൂടിയാണ് അന്വേഷണമുണ്ടായത്. അതിനിടെയാണ് ഈ സംഘം കണ്ണൂർ മാളിൽ 'ക്വട്ടേഷൻ' നടപ്പാക്കാനെത്തിയത്. കോടിയേരിയുടെ പേര് പറഞ്ഞ് ഭീഷണിപ്പെടുത്തിയത് താൻ തന്നെയാണെന്ന് ചോദ്യം ചെയ്യലിൽ ഇയാൾ സമ്മതിച്ചിട്ടുണ്ട്. കൂട്ടാളികൾക്കായി പോലീസ് വലവീശിയിട്ടുണ്ട്.

സംസ്കാരം നാളെ (06-10-2018)

ജോയി പുറവിടക്കുന്നേൽ
(തുഷാര ജോയി-59)
കരുവഞ്ചാൽ

ഞങ്ങളുടെ പ്രിയപ്പെട്ട ജോയി (59) കർത്താവിൽ നിദ്രപ്രാപിച്ച വിവരം അറിയിക്കുന്നു. മൃതദേഹം ഇന്ന് വൈകുന്നേരം 4 മണിക്ക് മീൻപറ്റിയിലെ സഹോദരൻ ചാക്കോച്ചന്റെ വീട്ടിലെത്തിക്കുന്നതും തുടർന്ന് നാളെ (06-10-2018 ശനി) ഉച്ചകഴിഞ്ഞ് 2 മണിക്ക് കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദേവാലയത്തിലെ കുടുംബകല്ലറയിൽ സംസ്കാരം നടക്കുന്നതുമാണ്. ബന്ധുമിത്രാദികൾ ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്, ദുഃഖാർത്തരായ
ഭാര്യ, മക്കൾ, മരുമകൻ,
മറ്റ് കുടുംബാംഗങ്ങൾ

8-ാം ചരമവാർഷികം
(05-10-2018)

അമ്പാടി നാരായണൻ
പാളയാട്, തളിപ്പറമ്പ
സന്തപ്തരായ കുടുംബാംഗങ്ങൾ